Mar Thoma Residential School, Tiruvalla.

Annual Examination 2018

Std: VIII — Time: 2½ hrs — Marks: 80

## Malayalam

## Section A

### Question :- 1

താഴെകൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്ത് ഏകദേശം 250 വാക്കിൽ ഒരു ഉപന്യാസം തയ്യാറാക്കുക [15]

a) വിദ്യാഭ്യാസത്തിൽ പഠനയാത്രയ്ക്കുള്ള പ്രാധാന്യം.

b) നിങ്ങളുടെ ജീവിതത്തിലെ രസകരമായ ഒരവധിക്കാലം

c) ശാസ്ത്രപുരോഗതിയും മനുഷ്യജീവിതവും.

d) ആരോഗ്യപരിപാലനത്തിൽ വ്യായാമങ്ങൾക്കുള്ള പങ്ക്

e) 'കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്' — ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥ എഴുതുക.

### Question: 2 :—

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്ത് ഒരു കത്തു തയ്യാറാക്കുക. [7]

a. മധ്യവേനലവധി ആഘോഷിക്കാൻ നിങ്ങൾ ചെല്ലുന്നു എന്നറിയിച്ചുകൊണ്ട് വിദേശത്തു ജോലിചെയ്യുന്ന നിങ്ങളുടെ അച്ഛനൊരു കത്തെഴുതുക

അല്ലെങ്കിൽ

b. നിങ്ങളുടെ നാട്ടിൽ വർദ്ധിച്ചു വരുന്ന മോഷണശല്യത്തെക്കുറിച്ചു പരാതിപ്പെട്ടുകൊണ്ട് സ്ഥലത്തെ

പോലീസ് ഇൻസ്പെക്ടർക്ക് ഒരു കത്തെഴുതുക

Question 3 :-

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നിത്യജീവിതത്തിൽ നമുക്ക് ചെയ്യേണ്ടിവരുന്ന ഒഴിച്ചുകൂടാൻ പാടില്ലാത്ത കൃത്യങ്ങളിൽ ഒന്നാണ് അതിഥി സത്കാരം. അതിഥികളെ സ്വീകരിക്കുകയും സത്കരിക്കുകയും ചെയ്യുന്നതിൽ ഭാരതീയർ മാത്രമല്ല പാശ്ചാത്യരും ഉത്സുകരാണ്. വിശിഷ്ടാതിഥികളെ പ്രത്യേകിച്ചും. രാഷ്ട്രീയ നിലവാരത്തിലും അതിഥി സത്കാരത്തിന് പ്രാധാന്യം കല്പിച്ചിട്ടുണ്ട്. അവർ വന്നിറങ്ങുമ്പോൾ തന്നെ രാഷ്ട്രത്തിന്റെ മുഖ്യാധികാരികൾ ചെന്ന് സ്വീകരിക്കണമെന്നാണ് കീഴ്വഴക്കവും മര്യാദയും. അവരെ നമ്മുടെ വസതിയിലേക്ക് കൂട്ടിക്കൊണ്ടുപോകുമ്പോൾ വഴിമധ്യേയാകട്ടെ ഗൃഹത്തിൽ ചെന്നുകഴിഞ്ഞാലാകട്ടെ, അവർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളുമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നു. പുതിയ കെട്ടിടങ്ങൾ പണിയുമ്പോൾ അതിഥികൾക്ക് ഇരിക്കാനും വിശ്രമിക്കാനുമായി സ്വീകരണമുറി തന്നെ നാം പ്രത്യേകം സജ്ജീകരിക്കാറുണ്ടല്ലോ. കഴിയുന്ന വിധത്തിലൊക്കെ അത് മോടി പിടിപ്പിക്കുകയും ചെയ്യും. പഴയകാലത്തായാലും കൊള്ളാം, ഇന്നായാലും കൊള്ളാം ഇന്ത്യക്കാർ ജാതി മത വർഗ്ഗ ഭേദങ്ങൾ പരിഗണിക്കാതെ - പ്രാദേശിക ഭാഷാപരമോ സാംസ്കാരികമോ ആയ വ്യത്യാസങ്ങൾ വകവയ്ക്കാതെ - അതിഥികളെ ആദരിക്കുന്നതിൽ അതീവ ശുഷ്കാന്തിയോടു കൂടിയവരാണ്.

ഈ അതിഥി സത്കാര പ്രിയത്വത്തിന് പ്രകൃതി തന്നെ മാതൃക കാട്ടുന്നതായി കവികൾ വർണ്ണിക്കുന്നു. ഭവഭൂതിയുടെ 'ഉത്തരരാമചരിതം' നാടകത്തിൽ വനദേവതയാണ് ഒരു താപസിയെ സ്വീകരിക്കുന്നതും സത്കരിക്കുന്നതും. താപസിയെ കണ്ടയുടൻ വനദേവത പറയുകയാണ് "ഇന്ന് എന്നെ സംബന്ധിച്ചിടത്തോളം സുപ്രഭാതമാണ്. നിങ്ങൾക്ക് ഈ വനത്തിൽ യഥേഷ്ടം വാഴാം. വളരെ പുണ്യങ്ങൾ ചെയ്തവർക്കേ നിങ്ങളെ പോലെയുള്ള മഹാത്മുക്കളുടെ സംഗമം ലഭിക്കൂ. ഈ വനത്തിലുള്ള സകലതും നിങ്ങൾക്കധീനമാണ്. ഇവിടെ കുടിക്കാനും കുളിക്കാനും നല്ല ശുദ്ധജലമു വിശ്രമിക്കാൻ വൃക്ഷത്തണലുകളുണ്ട്. ഭക്ഷിയ്ക്കാൻ നല്ല കായ്കനികളുണ്ട്. തപസ്സിനനുയോജ്യമായി നിങ്ങൾക്കെന്തും സ്വീകരിക്കാം. ഒരിക്കലും ഒന്നിലും ഒരു പരാധീനത ഭവിക്കു തോന്നരുതേ". എത്ര ആത്മാർത്ഥതയോടെയും ഭക്തി ബഹുമാനങ്ങളോടെ ആണ് പ്രകൃതി ഇവിടെ അതിഥി സത്കാരം നിർവ്വഹിക്കുന്നതെന്ന നോക്കുക.

പണ്ട് മഹർഷിമാരോ ബ്രാഹ്മണരോ അതുപോലെ യോഗ്യതയുള്ള മഹാത്മുക്കളോ എവിടെ ചെന്നാലും അവർക്ക് യഥായോഗ്യം സ്വീകരണ ലഭിച്ചിരുന്നു. എളിയ നിലയിൽ കഴിയുന്നവരായാ പോലും അവർ അതിഥികളായി വന്നാൽ പിന്നെ അവരെ ഈശ്വരതുല്യരായിട്ടാണ് ഭാരതീയർ കരുത വന്നിരുന്നത്. "അതിഥി ദേവോ ഭവ" എന്ന വചനം ശ്രദ്ധിക്കുക. ഗൃഹനാഥനോ, ഗൃഹനാഥയോ പട്ടിണി കിടന്നും അതിഥികളെ സത്കരിച്ചു തൃപ്തരാക്കിയ അനേകം കഥകളും നമ്മുടെ പുരാണഗ്രന്ഥങ്ങളിൽ കാണാം. അതിഥി സത്കാരത്തിന്റെ കാര്യത്തിൽ

കേരളവും ഒട്ടും പിന്നോക്കമായിരുന്നില്ലെന്ന് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാലയിലെ ചില കഥകൾ ഉദാഹരിക്കുന്നു.

ഇവിടെ പ്രസക്തമായ - ശ്രദ്ധേയമായ ഒ വസ്തുത കൂടിയുണ്ട്. ശത്രുവായാൽ പോലും നമ്മു ഗൃഹത്തിൽ വന്നുകഴിഞ്ഞാൽ പിന്നെ അവരെ മാനിക്കണമെന്നുള്ളതാണ്. നമ്മുടെ സ്നേഹ ബഹുമാനത്തിനും പാത്രമായവരെ നാംസ്വീക ന്നതിൽ അത്ഭുതമില്ല. എന്നാൽ ശത്രുക്കളെയു ആദരിക്കുന്നതാണ് ശരിയായ സംസ്കാരം. അവർ വീട്ടിൽ വന്നാൽ അതിഥികളായി. പിന്നെ അവരെ സ്നേഹത്തിലെ പെരുമാറുകയും സംസാരിക്കു വിദ്വേഷത്തിന്റെ കണിക പോലും അവിടെ കാ പാടില്ല. അതാണ് യഥാർത്ഥ സംസ്കാരം. ശരിയാ ഈ തത്വവും പ്രകൃതി നമ്മെ പഠിപ്പിക്കുന്നു. ഒരു കോടാലി കൊണ്ടു മരം മുറിക്കുമ്പോൾ പോലും, വേരറ്റു നിലം പതിക്കുന്നതുവരെ തന്റെ കീഴിലെ എല്ലാവർക്കും തണൽ കൊടുക്കുകയല്ലേ ചെയ്യുന്ന ഇങ്ങനെ പ്രകൃതിയിൽ നിന്നും എത്രയെത്രയോ കാര്യ നാം പഠിക്കേണ്ടതുണ്ട്.

ചോദ്യങ്ങൾ :-

i) അതിഥി സൽക്കാരത്തിനു നൽകിയിരിക്കുന്ന പ്ര ഉദാഹരണങ്ങൾ ഉദ്ധരിച്ചു സമർത്ഥിക്കുക?

ii) അതിഥിസൽക്കാരം നിർവ്വഹിക്കുന്നതിനു പ്രകൃ മാതൃക കാട്ടുന്നതെങ്ങനെ?

iii) 'അതിഥി ദേവോഭവ' - ആശയം വ്യക്തമാക്കുക?

iv) 'അതാണ് യഥാർത്ഥ സംസ്കാരം' - വിശദീകരിക്കുക?

## Question 4

a) തെറ്റു തിരുത്തുക. [2]

1. പാദസ്വരം
2. നിവർത്തി
3. ബലിഷ്ടം
4. വ്യജ്ഞണം

b. ഒറ്റപ്പദം എഴുതുക [3]

1. ജനങ്ങളെ സംബന്ധിച്ചത്
2. ധാരാളമായി ലഭിക്കുന്നത്
3. പ്രയോഗത്തിൽ വരുത്താൻ സാധിക്കുന്നത്.
4. ച്യുതി ഇല്ലാത്തവൻ
5. പ്രദേശത്തെ സംബന്ധിച്ചത്
6. ചലനമില്ലാത്തവൻ

c. വാക്യത്തിൽ പ്രയോഗിക്കുക. (ഏതെങ്കിലും രണ്ടെ

1. അനന്യലഭ്യം
2. അൽഭുതപരതന്ത്രർ [2]
3. ഇടങ്കോലിടുക.

d. ഏതെങ്കിലും ഒന്നു തെരഞ്ഞെടുത്ത് രണ്ടു പര്യ
വീതം എഴുതുക. [1]

1. ദിവസം
2. മഞ്ഞ്

## Section B.

താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

### 1. സാഹിത്യസുരഭി

Question 5 :-

" അവന്റെ ജീവിതാവശ്യങ്ങൾ ലഘുവാണ്.
എങ്കിലും അവനതു ഗുരുവാണ് "

ചോദ്യങ്ങൾ:-

1. ഉതുപ്പാന്റെ ഹൃദയത്തിന്റെ ആവലാതികളെന്ത്

2. ഉതുപ്പാൻ കിണറു കുഴിച്ചപ്പോൾ നാട്ടുകാരുടെ പ്രതികരണമെന്തായിരുന്നു ? [2]

3. യൗവനത്തെ ചവിട്ടിമെതിച്ചു മുന്നോട്ടുപോകുന്ന പുത്രിയ്ക്കു സ്ഥിതിയ്ക്കധികനായ വരൻ മംഗല്യസൂത്രം ചാർത്തുന്ന മുഹൂർത്തത്തിൽ പിതാവിനുണ്ടാകുന്ന കൃതാർത്ഥത ഉതുപ്പാനുണ്ടായതെപ്പോൾ? [3]

4. സ്വന്തം ആളുകളും തനിക്കു ശത്രുക്കളാണല്ലോ എന്നു വൃദ്ധൻ വ്യാകുലപ്പെട്ടതെപ്പോൾ? [2]

Question 6 :-

"എന്നാലും അവർ തമ്മിൽ സ്നേഹിച്ചു. അവരു(ടെ) മൂന്നു കുട്ടികളും അവരെയും സ്നേഹിച്ചു."

ചോദ്യങ്ങൾ :-

1. അവരുടെ മൂന്നു കുട്ടികളെക്കുറിച്ചു വിവരിക്കുക? [2]
2. ഓഫീസിൽ നിന്നു മടങ്ങിവന്ന അയാൾ കണ്ട കാഴ്ചയെന്ത്? [2]
3. "വേണ്ട, അതൊന്നും ഭക്ഷിച്ചുകൂടാ" — എന്ത്? ഇങ്ങനെ അയാൾ ചിന്തിച്ചതെങ്ങനെ [2]
4. അതെല്ലാം തന്റെ നഷ്ടങ്ങളാണ് എന്ന് അയാൾ ചിന്തിച്ചതെപ്പോൾ? [2]

## 2. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

### Question 7:-

"എവിടെ ദാസൻ ? എന്റെ മോനെയൊന്നു കണ്ടോട്ടച്ചാ."

ചോദ്യങ്ങൾ:-

1. ഇങ്ങനെ പറഞ്ഞതാര് ? സന്ദർഭം ? [2]
2. ദാസന്റെ ആദ്യത്തെ സ്കൂൾയാത്ര വിവരിക്കുക ? [2½]
3. വെള്ളിയാങ്കല്ലിനെക്കുറിച്ച് വിവരിക്കുക ? [3]
4. അക്കാലത്ത് മയ്യഴിയിൽ ഉണ്ടായിരുന്ന പ്രസിദ്ധമായ ഫ്രഞ്ചുസ്കൂളുകൾ ഏതെല്ലാം ? [2½]

### Question 8

"എന്റെ മോനെപ്പറ്റി എനിക്കു വിചാരം ഇല്ലെങ്കിലെന്താ? നിനക്കില്ലേ കൊറമ്പീ"

ചോദ്യങ്ങൾ:-

1. ഇങ്ങനെ പറഞ്ഞതാര് ? സന്ദർഭം ? [2½]
2. പ്രായപൂർത്തിയായതോടെ ഗസ്തോനിൽ വന്ന മാറ്റമെന്ത് ? [2]
3. അൽബേറിനെക്കുറിച്ച് വിവരിക്കുക? [3]
4. ഗസ്തോന്റെ വിവാഹത്തെക്കുറിച്ച് വിവരിക്കുക ? [2